ദേശാഭിമാനി
30.07.2017
പ്രാദേശികം

# എല്ലാം കാണാനും പഠിക്കാനും കണ്ണൂർ കോർപറേഷൻ സാരഥികൾ ഗാന്ധിഭവനിൽ



▶ കണ്ണൂർ കോർപറേഷനിലെ ജനപ്രതിനിധികൾ ഗാന്ധിഭവനിൽ എത്തിയപ്പോൾ

**പത്തനാപുരം >** ഗാന്ധിഭവൻ പകർന്ന സ്നേഹത്തിന്റെ നിറം കാണാനും, ജീവകാരുണ്യ പ്രവർത്തനം കണ്ട് പഠിക്കാനും കണ്ണൂർ മുൻസിപ്പൽ കോർപറേഷൻ സാരഥികളെത്തി. കണ്ണൂർ കോർപറേഷൻ, തലശ്ശേരി നഗരസഭ എന്നിവ സംയുക്തമായി നടത്തിവരുന്ന വയോജന പുനരധിവാസ കേന്ദ്രത്തിന്റെ പ്രവർത്തന വിപുലീകരണം നടപ്പിലാക്കാനിരിക്കുന്ന ബൃഹത്പദ്ധതിയുടെ ഭാഗമായിട്ടായിരുന്നു സന്ദർശനം.

മേയർ ഇ പി ലത, ഡെപ്യൂട്ടി മേയർ പി കെ രാഗേഷ് എന്നിവരുടെ നേതൃത്വത്തിൽ ഇരുപത്തിനാല് കൗൺസിലർമാരാണ് പ്രവർത്തനങ്ങൾ പഠിക്കാനും അന്തേവാസികളോട് ക്ഷേമാന്വേഷണങ്ങൾ നടത്താനും എത്തിയത്. കണ്ണൂർ തലശ്ശേരി പ്രദേശങ്ങളിൽ നിന്നായി നൂറ്റമ്പതോളം വയോവൃദ്ധരെ ഏറ്റെടുത്ത് കോർപറേഷന്റെ നിയന്ത്രണത്തിലുള്ള വൃദ്ധസദനത്തിൽ സംരക്ഷിക്കുന്നു. കേരളത്തിലാദ്യമായി അനാഥരില്ലാത്ത സമ്പൂർണമേഖലയായി കണ്ണൂർ കോർപറേഷനെയും തലശ്ശേരി നഗരസഭയേയും മാറ്റിയെടുക്കാനുള്ള മഹത്തായ യജ്ഞത്തിലാണ് ജനപ്രതിനിധികൾ. ഗാന്ധിഭവനിലെത്തിയ കോർപറേഷൻ സാരഥികളെ സെക്രട്ടറി ഡോ. പുനലൂർ സോമരാജൻ, വൈസ്ചെയർമാൻ പി എസ് അമൽരാജ്, അസിസ്റ്റന്റ് സെക്രട്ടറി ജി ഭുവനചന്ദ്രൻ എന്നിവരും കുട്ടികളും, സേവനപ്രവർത്തകരും ചേർന്ന് സ്വീകരിച്ചു.

ഇന്ത്യയിലെ ഏറ്റവും വലിയ കൂട്ടുകുടുംബമെന്ന് ഇന്ത്യാബുക്ക് ഓഫ് റിക്കാർഡ്സ് രേഖപ്പെടുത്തപ്പെട്ട ഗാന്ധിഭവനിലെ കുടുംബാംഗങ്ങൾ താമസിക്കുന്ന ചിറകില്ലാപക്ഷിക്കൂട്, പൂമരച്ചില്ല, ജീസസ്, സബർമതി, ശാന്തിമന്ദിരം, മദർ തെരേസ വാർഡുകൾ സന്ദർശിച്ചു. ആറുമാസം മുതൽ നൂറ്റിനാല് വയസ്സുവരെപ്രായമുള്ള അന്തേവാസികളാണ് സമൂഹം ഉപേക്ഷിക്കപ്പെട്ടവരായി എത്തി പുതുജീവിതത്തിന്റെ പ്രതീക്ഷകളുമായി കഴിയുന്നത്. അതിർവരമ്പുകളില്ലാത്ത സ്നേഹം ഒത്തൊരുമിപ്പിച്ചുള്ള ഒരു കുടക്കീഴിലെ സംരക്ഷണം ഗാന്ധിഭവനിൽ അത്ഭുതപ്പെടുത്തുന്നതാണെന്ന് കണ്ണൂർ കോർപറേഷൻ മേയർ ഇ പി ലത പറഞ്ഞു.

കൗൺസിലർമാരായ ബാലകൃഷ്ണൻ, ടി രവീന്ദ്രൻ, ആർ. രഞ്ജിത്ത്, കെ പ്രമോദ്, കുട്ടികൃഷ്ണൻ, ടി ആശ, വി രവികൃഷ്ണൻ, കെ രതി, കെ ജയദേവൻ, ഷമ്ന, അജിത, പ്രേമജം, മീനാസ് ടിമി ജോൺ, നസ്റത്ത്, സജിത്ത്, തൈക്കണ്ടി മുരളീധരൻ, റഷീദ, എസ് ഷഹീദ, സഹദേവൻ, ഷാജി, രാജീവൻ, വിനിത എന്നിവർക്കൊപ്പം കണ്ണൂർ ജില്ലാ ശുചിത്വമിഷൻ കോ ഓർഡിനേറ്റർ സുരേഷ് കസ്തൂരി, ശുചിത്വമിഷൻ പ്രോഗ്രാം ഓഫീസർ സിറാജ് എന്നിവരും കണ്ണൂർ മുനിസിപ്പൽ കൗൺസിലർമാർക്കൊപ്പം ഉണ്ടായിരുന്നു.